SAMAGRA SHIKSHA KERALA



# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി

## ജി.യു പി. എസ്. അരവഞ്ചാൽ

ഉപജില്ല : പയ്യന്നൂർ ജില്ല: കണ്ണൂർ

# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26

ജി.യു.പി.സ്കൂൾ
അരവഞ്ചാൽ

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ജി.യു.പി. സ്കൂൾ അരവഞ്ചാൽ

വിദ്യാഭ്യാസ ഉപജില്ല : പയ്യന്നൂർ.

വിദ്യാഭ്യാസ ജില്ല : കണ്ണൂർ.

ബി.ആർ.സി. : പയ്യന്നൂർ.

ഗ്രാമപഞ്ചായത്ത് : പെരിങ്ങോം-വയക്കര.

ജില്ലാ പഞ്ചായത്ത് : കണ്ണൂർ.

വില്ലേജ് : പെരിങ്ങോം.

ഇ-മെയിൽ : aravanchalgups@gmail.com

# ഉള്ളടക്കം


* ആമുഖം
* പ്രവർത്തന ലക്ഷ്യങ്ങൾ
* നിലവിലെ അവസ്ഥ.
* വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം.
* പ്രവർത്തനങ്ങൾ, പദ്ധതിവിശദാംശങ്ങൾ
* ഉപസംഹാരം

# ആമുഖം.

കണ്ണൂർ ജില്ലയിലെ പെരിങ്ങോം-വയക്കര പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന അരവഞ്ചാൽ ഗവ.യു.പി. സ്കൂൾ പാഠ്യ-പാഠ്യേതര രംഗങ്ങളിൽ എന്നും മികവ് പുലർത്തിക്കൊണ്ടിരിക്കുന്ന വിദ്യാലയമാണ്. എൽ.പി, യു.പി.വിഭാഗങ്ങളിലായി ഇവിടെ 165 കുട്ടികൾ പഠിക്കുന്നു. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന സമഗ്രഗുണമേന്മാപദ്ധതിയുടെ ഭാഗമായി എല്ലാ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം കൈവരിക്കുന്നതിനാവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ പ്രസ്തുതലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## — പ്രവർത്തനലക്ഷ്യങ്ങൾ. —

* വിദ്യാലയത്തിൽ എത്തുന്ന ഓരോ വിദ്യാർത്ഥിക്കും പൂർണ്ണപങ്കാളിത്തം ഉറപ്പാക്കി അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.

* ക്ലാസ് മുറിയിലെ പ്രവർത്തനങ്ങൾക്ക് പുറമെ കലാ,കായിക പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടാൻ സംവിധാനമൊരുക്കുന്നു.

* പഠനപിന്തുണാസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്യമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുക.

* ഓരോ വിദ്യാർത്ഥിയെയും ഒരു വ്യക്തിയായി കണ്ട് പരമാവധി വികാസം സാധ്യമാക്കുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.

* പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികൾക്കായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക.

## നിലവിലെ അവസ്ഥ

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും മികച്ച നിലവാരം പുലർത്തുന്ന വിദ്യാലയമാണ് നമ്മുടേത്. വിശാലമായ കളിസ്ഥലം, പാർക്ക്, ഐ.സി.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിയുള്ള പഠനം എന്നിവ വിദ്യാലയാന്തരീക്ഷം മെച്ചപ്പെടുത്തുന്നു. സ്കൂളിലെ ഏത് പ്രവർത്തനങ്ങൾക്കും പി.ടി.എ. യുടേയും പൂർവ്വവിദ്യാർത്ഥികളുടേയും നാട്ടുകാരുടേയും പൂർണ്ണ പിന്തുണ ലഭിച്ചുവരുന്നുണ്ട്.

അന്യസംസ്ഥാനങ്ങളിൽ നിന്ന് വന്ന് ഇവിടെ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുട്ടികൾ ഇവിടെ പഠിക്കാനെത്തുന്ന സാഹചര്യമുള്ളതിനാൽ ഭാഷാപഠനത്തിന് പ്രത്യേക ശ്രദ്ധ കൊടുക്കേണ്ടിവരുന്നുണ്ട്.

ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള ഹാൾ അസംബ്ലി ഹാൾ എന്നിവ ഇല്ലാത്തത് ഒരു പോരായ്മയായി തോന്നുന്നുണ്ട്.

## — വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം —

ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമികമാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിലൂടെ മുഴുവൻ കുട്ടികളും ഭാഷ തെറ്റില്ലാതെ എഴുതുകയും വായിക്കുന്നതിനുള്ള കഴിവ് നേടുന്നു.

മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം എന്നീ ഭാഷകളും ആത്മവിശ്വാസത്തോടെ സംസാരിക്കാനും കൈകാര്യം ചെയ്യാനുമുള്ള ശേഷി ആർജ്ജിക്കുന്നു.

ഗണിതപഠനം രസകരവും വൈവിധ്യപൂർണവുമാക്കുന്നതിലൂടെ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

കലാകായിക പ്രവൃത്തിപരിചയ പ്രവർത്തനങ്ങൾ കൂടുതലായി ഉൾപ്പെടുത്തുന്നതിലൂടെ മത്സരങ്ങളെ ആത്മവിശ്വാസത്തോടെ സമീപിക്കാൻ സാധിക്കുന്നു.

പത്രവായന, പത്രക്വിസ് എന്നിവ ചിട്ടയായി ആസൂത്രണം ചെയ്യുന്നതിലൂടെ പൊതുവിജ്ഞാനം വർദ്ധിക്കുന്നു.

പഠനയാത്ര, സഹവാസക്യാമ്പ്, ഫീൽഡ്ട്രിപ്പ് എന്നിവ സംഘടിപ്പിക്കുന്നതുവഴി വ്യക്തിത്വവികസനം, പരിസ്ഥിതിബോധം, പൗരബോധമെന്നിവ കുട്ടികളിൽ വളർത്താൻ കഴിയുന്നു.

# പ്രവർത്തനങ്ങളും പദ്ധതിവിശദാംശങ്ങളും

മേഖല: അക്കാദമികം ഉപമേഖല: മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| ഭാഷാശേഷികൾ നേടുന്നതിൽ പിന്നാക്കം പോയവരെ കണ്ടെത്തി പ്രത്യേക പരിഗണന നൽകി മികച്ച നിലവാരത്തിലെത്തിക്കൽ. | പിന്നോക്കാവസ്ഥ കണ്ടെത്താൻ പ്രീ-ടെസ്റ്റ്, പരിഹാരബോധനം. | ജൂൺ-ജൂലൈ | ക്ലാസ് അധ്യാപിക. | SMC PTA. | |
| അർത്ഥപൂർണമായ വായന ഉറപ്പിക്കൽ | അക്ഷരകാർഡുകൾ വർക്ക്ഷീറ്റ്, ICT സാധ്യതകൾ പത്രം, മാസിക, ബാലസാഹിത്യകൃതികൾ വായന. | ജൂൺ സെപ്റ്റംബർ | വിദ്യാരംഗം ഭാഷാധ്യാപകർ | സ്പോൺസർഷിപ്പ് | |

മേഖല :

ഉപമേഖല: മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | |
|---|---|---|---|---|---|
| സാഹിത്യ സൃഷ്ടികൾ ആസ്വദിച്ച് മികച്ചവയെടുത്തു കാണാക്കൽ | വായനാക്കുറിപ്പ്, യാത്രാ വിവരണം, വർണ്ണന, കഥ കുട്ടിക്കവിത എന്നിവ രചിക്കൽ. | വർഷം മുഴുവൻ | വിദ്യാരംഗം | PTA | |
| സാഹിത്യ കാരന്മാരെയും കൃതികളെയും അറിയൽ. | ഗ്രന്ഥശാലാ സന്ദർശനം. സാഹിത്യ ശില്പശാലകൾ, സാഹിത്യകാരന്മാരുമായി അഭിമുഖം. | വർഷം മുഴുവൻ | ക്ലബ്ബുകൾ വിദ്യാരംഗം | SMC | |

മേഖല: അക്കാദമികം          ഉപമേഖല: ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | |
|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ആസ്വാദ്യകരമാക്കൽ ഇംഗ്ലീഷ് ശ്രവിക്കാനും കേട്ട് മനസിലാക്കാനും അവസരമൊരുക്കൽ | ഇംഗ്ലീഷ് റൈംസ്, കഥകൾ എന്നിവ കേൾക്കൽ, ഇംഗ്ലീഷിലുള്ള കുറിപ്പുകൾ, ക്വിസുകൾ എന്നിവയിൽ പങ്കെടുക്കൽ. | ജൂൺ മുതൽ | ഇംഗ്ലീഷ് അധ്യാപകർ | PTA | |
| ആശയവിനിമയം ആത്മവിശ്വാസത്തോടെ | ഇംഗ്ലീഷ് പത്രവായന, ഇംഗ്ലീഷ് DAY, ഇംഗ്ലീഷ് ഫെസ്റ്റ്. | എല്ലാ ആഴ്ച. ജൂൺ- ഒക്ടോബർ | ഇംഗ്ലീഷ് ക്ലബ്ബ് | SMC | |
| ഇംഗ്ലീഷിൽ രചനകൾ സൃഷ്ടിക്കൽ. | കവിതാപൂർത്തിയാക്കൽ. പോസ്റ്റർ, നോട്ടീസ്. മാഗസിൻ നിർമ്മാണം. | ആഗസ്റ്റ് ഒക്ടോബർ | " | | |

മേഖല : അക്കാദമികം        ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | |
|---|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിച്ച് അനായാസം സംസാരിക്കാൻ കഴിയുക തെറ്റ്കൂടാതെ എഴുതുക. | Follow me If You can<br>ഇംഗ്ലീഷ് ഭാഷയിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള അവസരങ്ങൾ നൽകുന്നു.<br>ഇംഗ്ലീഷ് വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾക്കാൻ അവസരം നൽകുന്നു.<br>ഗെയിമുകൾ - Treasure hunt Learning Ladder പോലുള്ളവ.<br>Alert zone - സൂചനാ ബോർഡുകൾ സ്ഥാപിക്കൽ. | ജൂൺ ആദ്യം | ഇംഗ്ലീഷ് അധ്യാപകർ<br>ഇംഗ്ലീഷ് ക്ലബ്ബ് | | |

മേഖല: അക്കാദമികം　　　　ഉപമേഖല: കല,കായികം, പ്രവൃത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | |
|---|---|---|---|---|---|
| കലാവാസന കളെ പരിപോഷിപ്പിക്കൽ | ബാലസഭ കലോത്സവം; രചനാ ശില്പശാലകൾ | ക്ലബ് ടീച്ചർമാർ | വർഷം മുഴുവൻ | | |
| പ്രവൃത്തി പരിചയ പരിശീലനം | കുടനിർമ്മാണം, ചോക്ക് നിർമ്മാണം - പരിശീലനം. | SMC | ഒക്ടോബർ | | |
| കായികശേഷി വികസനം. | ഫുട്ബോൾ നീന്തൽ, ഖൊ-ഖൊ പരിശീലനം. | കായിക അധ്യാപകൻ SMC | " | | |

| മേഖല : അക്കാദമികം | | ഉപമേഖല : ഹിന്ദി. | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| യു.പി.ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ഹിന്ദി വായിക്കാനും എഴുതാനും കഴിയുക. | ഹിന്ദി ഗ്രന്ഥശാല വിപുലീകരണം.<br>വായനക്കാർഡ് നിർമ്മാണം.<br>ഹിന്ദി അസംബ്ലി അവതരണം. | ജൂൺ – ഡിസംബർ | ഹിന്ദി അധ്യാപിക. | |
| ഹിന്ദി ആസ്വാദനം | ഹിന്ദി വെബിനാർ (കഥ, പ്രസംഗം, കവിത, നാടകം...)<br>ഹിന്ദി ഗീതങ്ങൾ ലഘുനാടകങ്ങൾ എന്നിവ ആസ്വദിക്കൽ അവതരിപ്പിക്കൽ. | ഡിസംബർ. | ഹിന്ദി ക്ലബ്ബ് | SMC |

മേഖല : അക്കാദമികം          ഉപമേഖല: സംസ്കൃതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | |
|---|---|---|---|---|---|
| യു.പി.തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | അക്ഷരമാലാകാർഡുകൾ കാർഡുകൾ പ്രദർശനം | ജൂൺ ഓഗസ്റ്റ് | സംസ്കൃത അധ്യാപിക | | |
| സംസ്കൃത പഠനം കൂടുതൽ ആകർഷകമാക്കുക | സംസ്കൃതഅസംബ്ലി. ശില്പശാല. | മാസം ഒന്ന് ഫിബ്രവരി | സംസ്കൃതം ക്ലബ്ബ് | PTA | |

| മേഖല : അക്കാദമികം | | ഉപമേഖല: ശാസ്ത്രം | | | |
|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക.<br>ശാസ്ത്രപഠനം രസകരമാക്കുക | പ്രകൃതിനടത്തം,<br>ലാബിൽ നിർമ്മാണം<br>ഔഷധ/പച്ചക്കറി തോട്ടം<br>പൂന്തോട്ടമൊരുക്കൽ. | ജൂൺ - ഫെബ്രുവരി. | ക്ലാസ്<br>പരിസ്ഥിതി ക്ലബ്ബ് | PTA . | |
| പാരിസ്ഥിതികാവബോധം, ശാസ്ത്രകൗതുകം എന്നിവ വളർത്തുക.<br>ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് ആർജ്ജിക്കുക. | ശാസ്ത്രപ്രവർത്തനങ്ങൾ ക്വിസ്, പരീക്ഷണങ്ങളിൽ ഏർപ്പെടൽ. | ജൂൺ നവംബർ | ശാസ്ത്രക്ലബ്ബ്. | SMC | |

| മേഖല : അക്കാദമികം | | ഉപമേഖല : സാമൂഹികം | | | |
|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | |
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനപരമായ അറിവുകൾ ആശയങ്ങൾ ഇവ നേടൽ | ദിനാചരണങ്ങൾ ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ ക്വിസ്. | വർഷം മുഴുവൻ. | ക്ലബ്ബ് ടീച്ചർ | | |
| ജനാധിപത്യജീവിതബോധം കുട്ടികളിൽ വളർത്തിയെടുക്കുക. | സ്കൂൾ പാർലമെന്റ് രൂപീകരണം. സഹവാസ ക്യാമ്പ് ബോധവത്ക്കരണക്ലാസ് | ജൂലായ് - ഫെബ്രുവരി | S.S ക്ലബ്ബ് | SMC സ്പോൺസർഷിപ്പ് | |
| സഹജീവികളോട് സമഭാവന പുലർത്തൽ. വിവരശേഖരത്തിന്റെ ആവശ്യകത ബോധ്യപ്പെടൽ | പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ സന്ദർശനം. സൈബർ സുരക്ഷാക്ലാസ് | ജൂലായ് ഒക്ടോബർ | " | | |

മേഖല : അക്കാദമികം          ഉപമേഖല : വിവരസാങ്കേതിക വിദ്യ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സഹായ ദാതാക്കൾ | |
|---|---|---|---|---|---|
| വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ [illegible] പരിചയപ്പെടുത്തൽ | സെപ്റ്റംബർ നവംബർ | ക്ലാസ് അധ്യാപകർ | | |
| കുട്ടികൾക്ക് കൃത്യമായ ICT പരിശീലനം നൽകൽ | വീഡിയോ നിർമ്മാണം, എഡിറ്റിംഗ് എന്നിവയിൽ പ്രത്യേക പരിശീലനം. | നവംബർ ജനവരി | PTA | PTA SMC | |

മേഖല : അക്കാദമികം ഉപമേഖല : പൊതുവിജ്ഞാനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | |
|---|---|---|---|---|---|
| ആനുകാലിക സംഭവങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കുക. | പത്രവായന.<br>ക്ലസ്റ്റർ പത്രം (ആഴ്ചയിൽ ഒന്ന്).<br>പത്രവാർത്ത നോട്ടീസ് ബോർഡിൽ | വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ | | |
| പൊതുവിജ്ഞാനം വർധിപ്പിക്കുക. | പത്രക്വിസ് | വർഷം മുഴുവൻ. | PTA | SMC, സ്പോൺസർ. | |

# ഉപസംഹാരം

സ്കൂളിന്റെ പാഠ്യ-പാഠ്യേതര വിഷയങ്ങളുമായി ബന്ധപ്പെട്ട എല്ലാ മേഖലകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഇവിടെ ചെയ്തിട്ടുള്ളത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പരമാവധി പ്രാവർത്തികമാക്കാൻ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതു വഴി സാധ്യമാകും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. സമൂഹത്തിന്റെയും ജനപ്രതിനിധികളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ ഇവ നടപ്പിലാക്കാനും അതുവഴി മൂല്യങ്ങൾ ഉൾക്കൊണ്ട പൗരബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കാനും കഴിയും എന്ന് പ്രതീക്ഷിക്കുന്നു.


64
1
SEPTEMBER
A
B
C

